

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026









സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ്. കടക്കരപ്പള്ളി

വിലാസം : കടക്കരപ്പള്ളി. പി.ഒ
ചേർത്തല, ആലപ്പുഴ
688529

ഫോൺനമ്പർ : 9495441616

സ്കൂൾ കോഡ് : 34306

വിദ്യാഭ്യാസ ഉപജില്ല : തുറവൂർ

വിദ്യാഭ്യാസ ജില്ല : ചേർത്തല

റവന്യൂ ജില്ല : ആലപ്പുഴ

ബി.ആർ.സി : തുറവൂർ

സി.ആർ.സി : കടക്കരപ്പള്ളി

ഗ്രാമപഞ്ചായത്ത് : കടക്കരപ്പള്ളി

ബ്ലോക്ക് പഞ്ചായത്ത് : കഞ്ഞിക്കുഴി

ജില്ലാപഞ്ചായത്ത് : ആലപ്പുഴ

താലൂക്ക് : ചേർത്തല

ഇ-മെയിൽ : 34306 thuravoor@gmail.com

സ്കൂൾ വിക്കി : ആലപ്പുഴ, തുറവൂർ

# ചുമതലകളും അധ്യാപകരും

| ചുമതലകൾ | | അധ്യാപകരുടെ പേര് |
|---|---|---|
| സീനിയർ അസിസ്റ്റന്റ് | : | ജയിംസ് ആന്റണി |
| സ്റ്റാഫ് സെക്രട്ടറി | : | ജയിംസ് ആന്റണി |
| എസ്.ആർ.ജി. കൺവീനർ | : | വീണ.പി.എസ് |
| കലാമേള | : | റാണി സുചേദ്ര, ദിവ്യ |
| കായികമേള | : | ജയിംസ് ആന്റണി, ധന്യാമോൾ |
| ജാഗ്രതാസമിതി | : | കെ. ശ്രീലത |
| ബുൾബുൾ | : | ബീന |
| ഉച്ചഭക്ഷണം | : | ലിനി ജോൺ |
| ശുചിത്വം | : | സ്മിത, നീതു |
| ജൈവനിധി | : | ശരണ്യാമോൾ |
| പഠനയാത്ര | : | ബീന, ധന്യാമോൾ |
| പ്രവൃത്തിപരിചയം | : | ആതിര, മിൻസി |
| ക്വിസ് | : | മിൻസി, വീണ |
| കോർണർപി.ടി.എ | : | ശരണ്യാമോൾ |
| സ്കൂൾപാർലമെന്റ് | : | ജയിംസ് ആന്റണി, മിൻസി |
| ലൈബ്രറി | : | അനിഷാമോൾ, ആതിര |
| സ്കൂൾറേഡിയോ | : | ജയിംസ്ആന്റണി, ശരണ്യ |
| ഹരിതാമൃതം | : | ജയിംസ് ആന്റണി, ധന്യാമോൾ |
| ബാലസഭ | : | ആതിര, റാണി |
| സ്കൂൾബസ് | : | ബീന, ധന്യാമോൾ |
| അച്ചടക്കം | : | അസംബ്ലി - ക്ലാസ് ചാർജ്ജ് |
| എൽ.എൽ.എസ് | : | നാലാം ക്ലാസ് |
| വാർഷികം | : | ബീന |

തൂണുകൾ കഥ പറയുന്നു : ദിവ്യ, വീണ
ആരോഗ്യം : നീതു
ഇംഗ്ലീഷ് ക്ലബ്ബ് : ശരണ്യാമോൾ

ആലപ്പുഴ ജില്ലയിൽ ചേർത്തല വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള തുറവൂർ ഉപജില്ലയിലെ ഗവ. എൽ.പി.സ്കൂൾ കടക്കരപ്പള്ളി, കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിൽ സ്ഥിതിചെയ്യുന്നു. 1909ൽ സ്ഥാപിതമായിട്ടുള്ള ഈ സ്കൂൾ കോർമ്മശ്ശേരി സ്കൂൾ എന്നും അറിയപ്പെടുന്നു. കടക്കരപ്പള്ളിയിലെ ഈഴവ പ്രമാണികൾ ചേർന്ന് ഉണ്ടാക്കിയ മംഗളോദയം സഭയുടെ നേതൃത്വത്തിലാണ് സ്കൂൾ രൂപം കൊണ്ടത്. ആദ്യകാലങ്ങളിൽ മംഗളോദയം സഭ പ്രൈമറി സ്കൂൾ എന്നറിയപ്പെട്ടിരുന്ന സ്കൂൾ 1118-ാം കൊല്ലവർഷം ഈ സ്കൂൾ ഗവൺമെന്റിനു വിട്ടുകൊടുത്തു. പിന്നീട് അത് ഗവ. എൽ. പി. സ്കൂൾ കടക്കരപ്പള്ളി എന്നറിയപ്പെടുന്നു. കെ. ആർ. ഗൗരിയമ്മയുൾപ്പെടെ പല പ്രമുഖ വ്യക്തിത്വങ്ങളും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഹോർത്തൂസ് മലബാറിക്കൂസ് എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിന്റെ രചനയ്ക്ക് സഹായിച്ച മഹാവൈദ്യനായ ഇട്ടി അച്യുതൻ വൈദ്യരുടെ ജന്മഗൃഹം സ്കൂളിനടുത്താണ് സ്ഥിതിചെയ്യുന്നത്. അദ്ദേഹത്തിന്റെ കുര്യാല കാലങ്ങളായി സ്കൂൾ സംരക്ഷിച്ചുവരുന്നു.

ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം, ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇങ്ങനെ ഒരുവിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ സ്ഥാപനപരമായ പ്രധാന രേഖയാണ്.

കടക്കരപ്പള്ളി ഗവ. എൽ. പി. സ്കൂളിൽ പ്രീ പ്രൈമറി ഉൾപ്പെടെ 10 ക്ലാസ്മുറികൾ, കമ്പ്യൂട്ടർലാബ്, ഓഫീസ്റൂം എന്നിവ നിലവിലുണ്ട്.

# സ്കൂൾ മികവുകൾ

ഹരിതവിദ്യാലയം 2023 - മൂന്നാം സ്ഥാനം [5 ലക്ഷം]
പി.ടി.എ അവാർഡ് - സബ്ജില്ലാതലം, ജില്ലാതലം
മലയാള മനോരമ നല്ലപാഠം - ജില്ലാതലത്തിൽ മൂന്നാം സ്ഥാനം
മാതൃഭൂമി സീഡ് പുരസ്കാരം
ഹരിതാമൃതം പ്രോജക്ട് മികവുകളിലേക്ക് തെരഞ്ഞെടുത്തു.
കുട്ടികളുടെ പാർക്ക് - ചാച്ചാജി കളിമുറ്റം
മുത്തശ്ശി മരം
ഏറുമാടം
വായനശാല - ചേലങ്ങാട് ഗോപാലകൃഷ്ണൻ സ്മാരക വായനശാല
ഇട്ടി അച്യുതൻ വൈദ്യർ - ഔഷധത്തോട്ടം
ശലഭോദ്യാനം
ജൈവവൈവിധ്യപാർക്ക്
മഴവെള്ള സംഭരണി
സ്കൂൾബസ്
കൃഷിത്തോട്ടം
സ്കൂൾ ലൈബ്രറി - കുഞ്ഞുണ്ണി വായനശാല
ജൈവ - കമ്പോസ്റ്റ്
അലങ്കാര മത്സ്യങ്ങൾ
പൂന്തോട്ടം
ഭവനസന്ദർശനം
സ്കൂൾ പാർലമെന്റ്
വർണ്ണക്കൂടാരം
ഇട്ടി അച്യുതൻ പൈതൃക മ്യൂസിയം
സ്കൂൾ റേഡിയോ

## പരിമിതികൾ

ക്ലാസ് മുറികളുടെ അഭാവം

കളിസ്ഥലം ഇല്ല

ഐ.ടി. ഉപകരണങ്ങളുടെ പോരായ്മ

ഇന്റർനെറ്റിന്റെ ലഭ്യതക്കുറവ്

ഹെഡ് ടീച്ചർ ഒഴിവിലേക്ക് സ്ഥിരനിയമനമില്ലാത്തതിന്റെ ബുദ്ധിമുട്ട്

അധ്യാപകർക്ക് സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം പരിമിതമാണ്.

റിസോഴ്സ് റൂമുകളുടെ അഭാവം.

സ്റ്റാഫ് റൂമിന്റെ അഭാവം

ടോയ്‌ലറ്റുകളുടെ അപര്യാപ്തത

പാചകപ്പുരയുടെയും ഡൈനിങ്ഹാളിന്റെയും സൗകര്യക്കുറവ്.

ഗണിതജ്ജാലകം

പ്രീപ്രൈമറി മുതൽ നാലുവരെയുള്ള കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ, സമയം, രൂപവും പൈസയും, രൂപങ്ങൾ, കലണ്ടർ എന്നിവയെക്കുറിച്ചുള്ള ധാരണ നൽകുന്ന പ്രവർത്തനങ്ങൾ ഗണിതജ്ജാലകം എന്നതിലൂടെ വിഭാവനം ചെയ്യുന്നു.

ഹരിതാമൃതം പ്രോജക്ട്

ഒരു അധ്യയനവർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കോർത്തിണക്കിക്കൊണ്ട് മണ്ണറിഞ്ഞ് കൃഷിയുടെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകുന്ന പ്രവർത്തനങ്ങൾ ഈ പ്രോജക്ടിൽ ചേർത്തിരിക്കുന്നു. SCERT യുടെ മികവിലേയ്ക്ക് തെരഞ്ഞെടുത്ത സ്കൂളിന്റെ തനതുപ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചവയിൽ ഒന്നാണ് ഹരിതാമൃതം പ്രോജക്ട്.

ഞങ്ങളുണ്ട് കൂടെ

ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന ജീവാ സ്പെഷ്യൽ സ്കൂളുമായി ചേർന്ന് നിന്ന് സ്കൂൾ നടത്തുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ അംഗീകാരം നേടിയ ഒന്നാണ്. സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഭിന്നശേഷിക്കാരായ ജീവാസ്കൂളിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പരസ്പരസ്നേഹവും സഹായമനസ്കതയും, കരുതലും കുട്ടികളിൽ വളരാനുതകുന്നതരത്തിലാണ് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നത്.

ബുൾ ബുൾ

ഇരുപത്തിനാല് കുട്ടികളടങ്ങിയ ഒരു ബുൾബുൾ യൂണിറ്റ് ബീനടീച്ചറിന്റെ നേതൃത്വത്തിൽ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

ബണ്ണിയൂണിറ്റ്

നേഴ്സറികുട്ടികൾക്കായി നിതുടീച്ചറിന്റെ നേതൃത്വത്തിൽ ബണ്ണിയൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

ഹോർത്തൂസ് മലബാറിക്കൂസ്

ഹോർത്തൂസ് മലബാറിക്കൂസ് എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിന്റെ രചനയ്ക്ക് സഹായിച്ച മഹാവൈദ്യനായ ഇട്ടിഅച്യുതൻ വൈദ്യരുടെ ജന്മഗൃഹം സ്കൂളിനടുത്താണ് സ്ഥിതിചെയ്യുന്നത്. അദ്ദേഹത്തിന്റെ കുരിയാല സ്കൂളിന്റെ നേതൃത്വത്തിലാണ് സംരക്ഷിച്ചുവരുന്നത്. അദ്ദേഹത്തിന്റെ പേരിലാണ് സ്കൂൾ ഔഷധത്തോട്ടം. ഔഷധസസ്യങ്ങളെ കുറിച്ചും ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തെ കുറിച്ചും ഇട്ടി അച്യുതൻ വൈദ്യരെക്കുറിച്ചുമുള്ള അറിവ് ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ മിന്നുന്ന പ്രകടനം കാഴ്ചവെയ്ക്കുവാൻ പ്രാപ്തി നൽകി. ഹോർത്തൂസ് മലബാറിക്കൂസ് 12 വാല്യങ്ങൾ സ്കൂൾ ലൈബ്രറിയിൽ ചേർത്തിട്ടുണ്ട്. ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ നിന്നുലഭിച്ച 5 ലക്ഷം രൂപ സമ്മാനത്തുക ഉപയോഗിച്ച് സ്കൂൾഓഫീസിന്റെ മുകളിൽ ഇട്ടി അച്യുതൻ വൈദ്യർ സ്മാരക പൈതൃക മ്യൂസിയം പണി പൂർത്തിയാക്കുകയും സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ബഹു. കൃഷിമന്ത്രി ശ്രീ. പ്രസാദ് സാർ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

നല്ലപാഠം

കുട്ടികളിൽ സേവനസന്നദ്ധതയും നല്ലശീലങ്ങളും വളർത്തുവാൻ സഹായിക്കുന്ന 'മലയാള മനോരമ'യുടെ 'നല്ലപാഠം' യൂണിറ്റ് സ്കൂളിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാവർഷവും നല്ലപാഠത്തിന്റെ അവാർഡിന് സ്കൂൾ അർഹയാകുന്നുണ്ട്. ഈ വർഷം ജില്ലയിൽ മൂന്നാംസ്ഥാനത്തെത്താൻ നല്ലപാഠം ടീമിന് സാധിച്ചു.

സീഡ്

ഭാവിതലമുറയ്ക്കുവേണ്ടി പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ അവബോധവും പ്രകൃതി സ്നേഹവും വളർത്തുന്നതിനുവേണ്ടി 'മാതൃഭൂമി' സീഡ് പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഒരുപ്രധാനസവിശേഷതയാണ്. മാതൃഭൂമി സീഡിന്റെ പ്രശസ്തിപത്രം സ്കൂളിന് തുടർച്ചയായി ലഭിച്ചു വരുന്നു.

കനിവ്

കുട്ടികളുടെ ജന്മദിനത്തിൽ മധുരപലഹാരങ്ങളും സമ്മാനങ്ങളും കൊണ്ടുവരുന്നതിനുപകരം ചെറിയ തുകകൾ അവർ സംഭാവനയായി കനിവ് ചാരിറ്റിഫണ്ടിലേയ്ക്ക് നൽകുന്നു. ഈ തുകകൾ അവശതയനുഭവിക്കുന്ന പലർക്കും കുട്ടികളുടെ നേതൃത്വത്തിൽ തന്നെ പങ്കുവയ്ക്കപ്പെടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ്/ പിന്തുണ | സാമ്പത്തികം |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ (എഴുത്ത്, വായന പരിഹരിക്കൽ) മലയാളത്തിളിമ | ☆ പ്രീടെസ്റ്റ് വിശകലനം<br>കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നു<br>☆ ആക്റ്റിവിറ്റി ബുക്കിനെ അടിസ്ഥാനമാക്കി ചിത്രങ്ങളും മോഡലുകളും ഉപയോഗിച്ചുള്ള ടെക്സ്റ്റ് രൂപീകരണം<br>☆ അക്ഷരക്കാർഡ്, പദക്കാർഡ് നിർമ്മാണം<br>☆ സംയുക്തഡയറി<br>മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ ഡയറി എഴുതുന്നു.<br>☆ സചിത്രഡയറി, സർഗാത്മകഡയറി<br>സംയുക്തഡയറിയിൽ കുട്ടികൾ അവരുടെ മനസ്സിൽ പതിഞ്ഞ ആശയം ചിത്രരൂപത്തിൽ വരച്ചുചേർക്കുന്നു.<br>☆ അക്ഷരക്കാർഡ്, പദക്കാർഡ് ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കൽ<br>☆ ചിത്രവായന<br>☆ ക്ലാസ് ലൈബ്രറി ഒരുക്കൽ | അധ്യയന വർഷത്തിലെ മൂന്നുമാസം | 5000 രൂപ |

- ✯ അക്ഷരമരം, വളരുന്ന വാക്യങ്ങൾ
- ✯ വീട്ടുലൈബ്രറി തുറക്കൽ
- ✯ വായനാക്കാർഡ് നിർമ്മാണം
- ✯ അമ്മ വായന, അച്ഛൻ വായന, മുത്തശ്ശിവായന, മുത്തച്ഛൻ വായന, കുടുംബവായന
- ✯ ക്ലാസ് പി.ടി.എ
- ✯ വായനച്ചങ്ങല
- ✯ സർഗാത്മകഡയറി
- ✯ രചനോത്സവം
- ✯ കഥോത്സവം
- ✯ വായനോത്സവം
- ✯ ഐ.ടി.സി.സാധ്യത
- ✯ അടിക്കുറിപ്പ് നൽകൽ
- ✯ കഥ, കവിത പൂരണം
- ✯ പത്രവായന, ഡയറി എഴുത്ത്

| | പ്രവർത്തനങ്ങൾ | കാലാവധി/ പിന്തുണ | സാമ്പത്തിക |
|---|---|---|---|
| എഴുത്ത് | ☆ വായനാക്കുറിപ്പ്<br>☆ ആസ്വാദനക്കുറിപ്പ്<br>☆ വായനക്കാർഡ് നിർമ്മാണം<br>☆ എഴുത്തുകാരെ പരിചയപ്പെടുത്തൽ<br>☆ എഴുത്തുകാരുമായി അഭിമുഖം<br>☆ തൂണുകൾ കഥ പറയുമ്പോൾ, എല്ലാ രംഗങ്ങളിലുമുള്ള പ്രശസ്ത വ്യക്തികളുടെ ജീവചരിത്രം എഴുതി തൂണുകളിൽ പ്രദർശിപ്പിക്കുന്നു.<br>☆ മികച്ച എഴുത്തുകാരന് 'രചനശ്രീ' പുരസ്കാരം. എല്ലാ ആഴ്ചകളിലും ക്ലാസുകളിൽ നിന്ന് മികച്ച എഴുത്തുകാരനെ കണ്ടെത്തുകയും മാസത്തിൽ സ്കൂൾ തലത്തിൽ മികച്ച എഴുത്തുകാരനെ കണ്ടെത്തുകയും ചെയ്ത് രചനശ്രീ പുരസ്കാരം നൽകുന്നു.<br>☆ എന്റെ കൊച്ചുപുസ്തകം<br>☆ ക്ലാസ് പതിപ്പ്<br>☆ സ്കൂൾ പതിപ്പ്<br>☆ ദർപ്പണം. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ്/ പിന്തുണ | സാമ്പത്തികം |
|---|---|---|---|
| അക്ഷരങ്ങളോടൊപ്പം ഞങ്ങളും [പിന്നോക്കക്കാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ] | ✡ പ്രത്യേക മൊഡ്യൂൾ ഭിന്നശേഷി കുട്ടികൾക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ പഠനസാമഗ്രികൾ.<br>✡ വായനക്കാർഡ് അധ്യാപകർ തയ്യാറാക്കുന്നു.<br>✡ ക്ലാസ്മുറി, ലൈബ്രറി പ്രത്യേക വായനസാമഗ്രികൾ സജ്ജീകരിക്കൽ<br>✡ അക്ഷരച്ചിത്രങ്ങൾ<br>✡ മണ്ണെഴുത്ത്<br>✡ ICT ഉപയോഗം | ഒരുവർഷം | 5000രൂപ |
| കുട്ടിയെ മികച്ച വായനക്കാരനാക്കൽ വായനത്തെളിമ | ✡ വായനക്കാർഡ്<br>✡ വായന ലൈബ്രറി പുസ്തകവിതരണം<br>✡ പത്രവായന<br>✡ ബാലമാസിക വായന<br>✡ വായനക്കൂട്ടം രൂപീകരിക്കൽ, കുട്ടികളുടെ വീട്ടുപരിസരങ്ങളിൽ കോർണർ പി.ടി.എ രൂപീകരിക്കുന്നു. വായനക്കൂട്ടം രൂപീകരിക്കുന്നു.<br>✡ വായനശാല അംഗത്വം | ആദ്യആറുമാസം<br>PTA, BRC<br>സാമൂഹിക പിന്തുണ<br>പഞ്ചായത്ത് | 2000രൂപ |

| | | | |
|---|---|---|---|
| | ☆ വായനോത്സവം - ഓരോ ആഴ്ചയിലും ക്ലാസ്തല വായന പ്രതിഭകളെ കണ്ടെത്തുകയും ഓരോ മാസത്തിലും സ്കൂൾതല വായന പ്രതിഭകളെ കണ്ടെത്തുകയും ചെയ്ത് വായന പ്രതിഭാ പട്ടം നൽകൽ.<br>☆ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>☆ ഇ-ലൈബ്രറി<br>☆ വായനക്കുറിപ്പ് അവതരണം<br>☆ വായന അനുഭവം പങ്കുവയ്ക്കൽ<br>☆ അസംബ്ലിയിൽ വായന<br>☆ കിലുക്കാംപെട്ടി<br>☆ റേഡിയോ വാർത്ത വായന<br>☆ ഒരുദിവസം - ഒരുപൊതുവിജ്ഞാനം. | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ. എഴുത്തുതെളിമ | ☆ മണ്ണെഴുത്ത് (മണ്ണിലെഴുതുന്നു)<br>☆ കണ്ടെഴുത്തും കേട്ടെഴുത്തും<br>☆ എഴുത്തുകൂട്ടം രൂപീകരിക്കൽ<br>കുട്ടികളെ മികച്ച എഴുത്തുകാരനാക്കുന്നതിനുള്ള പ്രവർത്തനം. | ഒരുവർഷം<br>PTA, BRC | 4000 രൂപ |

| Aims | Activities | Duration | Finance |
| --- | --- | --- | --- |
| Develop listening, speaking, Reading and writing skills. | 1. Language Games<br>2. E-cube English Language Lab<br>3. English Day<br>4. English Reading corner<br>5. Word card, letter card, Sentence card.<br>6. English Assembly<br>7. News reading.<br>8. Role-play<br>9. Description<br>10. picture reading<br>11. Diary<br>12. Conversation<br>13. Add more lines.<br>14. picture dictionary<br>15. Reader's theatre<br>16. School radio | 1 Year | 10,000 |

| Aim | Activities | Duration | Finance |
| --- | --- | --- | --- |
| Ability to enjoy Poems and stories. | 1. E-cube language lab<br>2. Library<br>3. Balasabha<br>4. School radio<br>5. Add more lines<br>6. Story telling<br>7. Recitation<br>8. Introduce poets and writers<br>9. Audo visual Experience<br>10. story writing<br>11. class magazine, School magazine<br>12. English library at home<br>13. picture story<br>14. Drawing and colouring<br>15. Rhymes.<br>16. Write title and captions to poem and stories. | 1 Year | 5000 |

| ലക്ഷ്യങ്ങൾ | [illegible] | പിന്തുണ | |
|---|---|---|---|
| 1 – 1000 വരെയുള്ള സംഖ്യാബോധം | ഗണിതജാലകം<br>✯ അബാക്കസ്<br>✯ മഞ്ചാടി സഞ്ചിയിലെ വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ, കൂട്ടങ്ങളാക്കൽ, സങ്കലനം, വ്യവകലനം<br>✯ സംഖ്യാ വ്യാഖ്യാന പ്രവർത്തനങ്ങൾ<br>✯ സംഖ്യാ കാർഡുകൾ<br>✯ ഉല്ലാസഗണിതം സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ<br>✯ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>✯ ഗണിതപ്പാട്ട്, ഗണിത കേളികൾ, പസിൽസ്<br>✯ സ്ഥാനവില പോക്കറ്റ്. | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ✯ സംഖ്യാകാർഡുകൾ<br>✯ സങ്കലന, വ്യവകലന, ഗുണന, ഹരണ വസ്തുതകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>✯ സങ്കലന, ഗുണന പട്ടികകൾ<br>✯ ഗണിതക്വിസ് | | |

| | | | |
|---|---|---|---|
| | ☆ സംഖ്യാചക്രം, ഡൈസ് കളി<br>☆ ക്ലാസിൽ ഒരു കട<br>☆ ഗണിത മൂല | | |
| ജ്യാമിതീയ രൂപങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് അവയുമായി ബന്ധപ്പെട്ട പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിന്. | ☆ ജ്യാമിതീയ രൂപങ്ങളുടെ മാതൃകകൾ<br>☆ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം<br>☆ രൂപങ്ങൾ ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കൽ<br>☆ ICT സാധ്യത<br>☆ ശില്പശാല<br>☆ ഗണിതലാബ് | | |
| ഗണിത പഠനം സുഗമമാക്കാൻ ഗണിതത്തിൽ താൽപര്യം വളർത്തൽ. | ☆ ഗണിത പതിപ്പുകൾ നിർമ്മിക്കൽ<br>☆ പസിൽ ഫെസ്റ്റ്<br>☆ ഗണിത ക്ലബ്ബ്<br>☆ ഗണിത കേളികൾ - ക്യാമ്പ്<br>☆ ഗണിതപ്പാട്ട്<br>☆ പാറ്റേൺ രൂപീകരണം<br>☆ ഗണിത മാഗസിൻ തയ്യാറാക്കൽ | | |

* ഗണിത കിറ്റ് തയ്യാറാക്കൽ - ഓരോ കുട്ടിക്കും
* മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്കായി ഗണിതലാബ്.